# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5977 — 10.07.12-ൽ മറുപടിക്ക്.

### സംസ്ഥാനാവിഷ്കൃത പരിപാടികളുടെ നടത്തിപ്പിനായി ചെലവഴിച്ച തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.കെ.വി.വിജയദാസ് | കെ.സി.ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) നടപ്പു സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സംസ്ഥാനാവിഷ്കൃത പരിപാടികളുടെ നടത്തിപ്പിനായി നീക്കി വെച്ചിരിക്കുന്നതുക എത്രയെന്ന് അറിയിക്കാമോ; | (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സംസ്ഥാനാവിഷ്കൃത പരിപാടികളുടെ നടത്തിപ്പിനായി ഗ്രാമ വികസനത്തെ സംബന്ധിച്ച് 2012-13 വർഷത്തിൽ, ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട് (ആർഐഡിഎഫ്) നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ സംസ്ഥാന വിഹിതമായി 1380 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സംസ്ഥാനാവിഷ്കൃത പരിപാടികൾ/ പദ്ധതികൾ എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) "ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട്-നബാർഡ്സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ" നടത്തിപ്പിനെ സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) ബാധകമല്ല |
| (ഡി) സംസ്ഥാനാവിഷ്കൃത പരിപാടികളുടെ നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷം നാളിതുവരെ എന്തു തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി എന്നറിയിക്കാമോ? | (ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷം 96.89 ലക്ഷം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ